III.ഇ.ബി./XII-കേരള നിയമസഭ/II-17.

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 17, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗംചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*571, *572 & *573) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) സംസ്ഥാനത്തെ പിന്നോക്ക ജില്ലകളുടെ വികസനത്തിന് പ്രത്യേക പരിഗണന നൽകേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ആര്യാടൻ മുഹമ്മദ് മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകളെ ദാരിദ്ര്യരേഖയുടെ അടിസ്ഥാനത്തിൽ വേർതിരിച്ചതിൽ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന അപാകത സംബന്ധിച്ച് ശ്രീ.ബി. രാഘവൻ ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ

ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

(1) ചാലക്കുടിയിലെ മുരിങ്ങൂർ ഡിവൈൻ സെന്ററിൽ നടന്ന പോലീസ് റെയ്ഡ് സംബന്ധിച്ച് ശ്രീ.കെ.എം. മാണി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി. (പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചു. ഡിവൈൻ ധ്യാന കേന്ദ്രം ആഭ്യന്തര വകുപ്പുമന്ത്രി സന്ദർശിച്ച് അവിടത്തെ സ്ഥിതിഗതികൾ വിലയിരുത്തുകയും അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന പ്രതിപക്ഷനേതാവിന്റെ ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയിൽനിന്നും വാക്കൗട്ട് നടത്തുകയും അല്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

(2) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ കാഷ്വാലിറ്റി വിഭാഗം ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(3) കാർഷിക കടങ്ങൾ എഴുതിത്തള്ളിയത് സംബന്ധിച്ച SLBC-യുടെ റിവ്യൂ റിപ്പോർട്ടിലെ പരാമർശം സംബന്ധിച്ച് ശ്രീ.എ.പി.

അനിൽകുമാർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(4) സംസ്ഥാനത്ത് മാലിന്യ നിർമ്മാർജ്ജനവും ശുചീകരണ പ്രവർത്തനവും തുടർ പരിപാടിയാക്കി മാറ്റേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രിയും വിദ്യാഭ്യാസവും സാംസ്ക്കാരി കകാര്യവും വകുപ്പുമന്ത്രിയും മറുപടി നൽകി.

(5) കാസർഗോഡ് ജില്ലയിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഡിവിഷൻ ഓഫീസ് ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ.വി. കുഞ്ഞിരാമൻ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കാസർഗോഡ് മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന മത്സ്യത്തൊഴി ലാളികൾ അപകടത്തിൽപ്പെട്ടതു സംബന്ധിച്ച് ശ്രീ.സി.ടി. അഹമ്മദ് അലി ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(7) ഷൊർണ്ണൂർ, തൃപ്പറ്റക്കാവ് ക്ഷേത്രങ്ങളിൽ നടന്ന മോഷണം സംബന്ധിച്ച് ശ്രീ.സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) പാറശ്ശാലയിൽ മജിസ്ട്രേറ്റ് കോടതിയും മുൻസിഫ് കോടതിയും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച്

ശ്രീ.ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) എടക്കാട് മണ്ഡലത്തിൽപ്പെട്ട മുഴുപ്പിലങ്ങാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തികരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(10) പൂജപ്പൂര ജുവനൈൽ ഹോമിലെ അന്തേവാസികളെ മർദ്ദിച്ചത് സംബന്ധിച്ച് ശ്രീ.വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) സാംക്രമികരോഗങ്ങൾ തടയുന്നതിനായി കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജിൽ ആലപ്പുഴ ജില്ലക്ക് ആവശ്യമായ പരിഗണന നൽകാത്തത് സംബന്ധിച്ച് ശ്രീ.കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) നിർമ്മാണത്തൊഴിലാളികൾ 17–10–2006–ന് നടത്തുന്ന സെക്രട്ടേറിയറ്റ് മാർച്ച് സംബന്ധിച്ച് ശ്രീ.കെ. ബാബു ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(13) 'ചിക്കുൻ ഗുനിയ' ഭീഷണി സംബന്ധിച്ച N.I.C.D.യുടെ മുന്നറിയിപ്പ് അവഗണിച്ചത് സംബന്ധിച്ച് ശ്രീ.എ.എം. ആരിഫ്

ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ B.Ed സെന്ററുകളിൽ പ്രവേശനം നടത്താൻ അനുമതി ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ.കെ. ശിവദാസൻ നായർ ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്ന ഭൂമി തട്ടിപ്പ് മാഫിയകളെ സംബന്ധിച്ച് ശ്രീ.കെ.സി. ജോസഫ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(16) വിധവകൾക്ക് സാമൂഹ്യ പരിരക്ഷനൽകുന്നതിനുള്ള നടപടി കൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീമതി കെ.കെ. ലതിക ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(17) വൺ–ടൈം സെറ്റിൽമെന്റിലൂടെ പഞ്ചായത്തുകൾ നികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(18) ലോഡ് കൃഷ്ണ ബാങ്ക് ജീവനക്കാരുടെ സമരം ഒത്തുതീർപ്പാ ക്കുന്നത് സംബന്ധിച്ച് പ്രൊഫ.സി. രവീന്ദ്രനാഥ് ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

IV. റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ടും പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ഒന്നു മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകളും സമർപ്പിച്ചു.

V. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ നാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

VI. നിയമനിർമ്മാണകാര്യം

**(1) <u>2006–ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം</u>**

2006–ലെ കേരള ധനകാര്യബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

സർവ്വശ്രീ. കെ.എം. മാണി, ആര്യാടൻ മുഹമ്മദ്, കെ.ശിവദാസൻ നായർ എന്നീ അംഗങ്ങൾ ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് ബില്ലിന്റെ അവതരണത്തെ എതിർത്തു സംസാരിച്ചു.

**<u>റൂളിംഗ്</u>**

ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ കുറച്ചൊക്കെ ശരിയുണ്ടെന്നും ഇത് വാലിഡേറ്റ് ചെയ്യാനുള്ള പ്രൊവിഷൻ നേരത്തെതന്നെ ബില്ലിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ ചർച്ച തന്നെ ഒഴിവാക്കാമായിരുന്നുവെന്നും ഗവൺമെന്റിന് ഏത് സമയത്തുവേണമെങ്കിലും വാലിഡേറ്റ് ചെയ്യാനുള്ള

പ്രൊവിഷൻ കൊണ്ടുവരാൻ കഴിയുന്നതാണെന്നും അതിന്റെ അടിസ്ഥാനത്തിലാണ് വാലിഡേറ്റ് ചെയ്യാനുള്ള തീരുമാനം ഇവിടെ മന്ത്രി പറഞ്ഞതെന്നും അതിനാൽ ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നും ബിൽ പരിഗണനയ്ക്കെടുക്കുകയാണെന്നും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകി.

ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30–10–2006 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.എ.കെ. ചന്ദ്രനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ.വി.ഡി. സതീശനും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ധനകാര്യ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തു:

(1) ശ്രീ. എം. മുരളി

(2) ശ്രീ. എം. പ്രകാശൻ മാസ്റ്റർ

(3) ശ്രീ. സി.ടി. അഹമ്മദ് അലി

(4) ശ്രീ. ബാബു പോൾ

(5) ശ്രീ. തോമസ് ചാഴികാടൻ

(6) ശ്രീ. മോൻസ് ജോസഫ്

(7) ശ്രീ. കെ.കെ. ഷാജു

(8) ശ്രീ. പി.സി. ജോർജ്

(9) ശ്രീമതി പി. അയിഷാ പോറ്റി

(10) ശ്രീ. അൽഫോൺസ് കണ്ണന്താനം

(11) ശ്രീ. വി. ശശികുമാർ

(12) ശ്രീ.കെ. ബാബു

(13) ശ്രീമതി ഇ.എസ്. ബിജി മോൾ

(14) ശ്രീ.വി.എൻ. വാസവൻ

(15) ശ്രീ. എം.കെ. പ്രേംനാഥ്

(16) ശ്രീ. കെ.വി. കുഞ്ഞിരാമൻ

(17) ശ്രീ. വി.ഡി. സതീശൻ

ചർച്ചയ്ക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2006-ലെ കേരള ധനകാര്യ ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു.

(2) **സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധിബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

2006-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം തൊഴിലും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

ശ്രീ. ആര്യാടൻ മുഹമ്മദ് ക്രമപ്രശ്നമുന്നയിച്ചുകൊണ്ട് സംസാരിച്ചു. ബില്ലിന്റെ അവതരണത്തിന് സംസ്ഥാന ഗവർണ്ണറുടെ മുൻകൂർ അനുമതി ലഭി

ച്ചിട്ടുള്ളതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂൾ ചെയ്തു.

ശ്രീ. അടൂർ പ്രകാശും ശ്രീ. തേറമ്പിൽ രാമകൃഷ്ണനും വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ചു.

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ.സി.ടി. അഹമ്മദ് അലിയും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ.പി.എം.എ. സലാം ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ.എം. പ്രകാശൻ മാസ്റ്ററും അവതരിപ്പിച്ച് സംസാരിച്ചു.

ബില്ലിന്റെ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും അംഗങ്ങൾ അവതരിപ്പിച്ച ചില ഭേദഗതികളും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

2006 ഒക്ടോബർ മാസം 18-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നരം 6.33-ന് പിരിഞ്ഞു.